**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5913 19.11.2019-ലെ മറുപടിയ്ക്ക്

## അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | അന്തർദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കായികവകുപ്പ് നൽകിവരുന്നത്; സാമ്പത്തികമായി പിന്നോക്കം നിൽക്കുകയോ അംഗപരിമിതിയോ ഉള്ള കായിക താരങ്ങൾക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം നൽകിവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിസിൽ ക്ലിയർ ചെയ്യുന്ന ടീമിൽ അംഗങ്ങളായ കേരളീയ കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഗ്രാന്റ് ഇൻ എയ്ഡ് നിയമാവലി പ്രകാരം അംഗീകാരമുള്ള ഫെഡറേഷനെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവരുടെ അർഹമായ ചിലവിന്റെ 50% അനുവദിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അംഗീകാരമുള്ള മത്സരത്തിൽ പങ്കെടുക്കുന്നതിന് ധനസഹായം ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേന ചുവടെ സൂചിപ്പിക്കുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്.<br>1) പ്രസ്തുത കായികതാരത്തെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട ദേശീയ ഫെഡറേഷന്റെ കത്തും, അതോടൊപ്പം ചെലവ് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടും<br>2) ഇന്ത്യൻ ടീമിന് അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിന് ചെലവ് ഉൾപ്പെടെയാണോ അല്ലാതെയാണോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത് എന്നുള്ള വിവരം<br>3) കായികതാരം നിലവിൽ ജോലിയുള്ള ആളാണോ വിദ്യാർത്ഥിയാണോ |

| | | | |
|---|---|---|---|
| | | | എന്നുള്ള വിവരം<br>കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കിറ്റ് അലവൻസ് ഇനത്തിൽ ഇന്ത്യയ്ക്ക് അകത്തും പുറത്തും യഥാക്രമം 3000/-, 6000/-രൂപ വീതം നൽകുവാനും വ്യവസ്ഥയുണ്ട്.<br>അന്തർദേശീയ ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾ കായിക വികസന നിധിയിൽ നിന്നുമുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് കായിക വികസന നിധി ട്രസ്റ്റ് യോഗത്തിന്റെ അംഗീകാരത്തോടുകൂടി കായികവികസന നിധിയിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നൽകുന്നതോ അംഗപരിമിതിയുള്ളവരോ ആയ കായികതാരങ്ങൾക്കും പ്രത്യേക ധനസഹായം നൽകാറുണ്ട്. എന്നാൽ ഇവർക്ക് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) | തായ് ലന്റ്, ചെന്നൈ എന്നിവിടങ്ങളിൽ 2019 ൽ നടന്ന പാരാബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ഉയരം കുറവുള്ള (Dwarf) വിഭാഗത്തിൽപ്പെട്ട ശ്രീ. ആകാശ് എസ്. മാധവൻ, ഇ.എം. ഹൗസ്, മേലാറ്റൂർ, മലപ്പുറം എന്നയാൾക്ക് ധനസഹായം നൽകണമെന്ന നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അർഹമായ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ശ്രീ.ആകാശ്.എസ്.മാധവന് കാനഡയിൽ വച്ച് നടന്ന വേൾഡ് ഡ്വാർഫ് ഗെയിംസിൽ വെങ്കല മെഡൽ നേടിയതിന് പാരിതോഷികമായി 25000/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പാരാബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പോലുള്ള മത്സരങ്ങൾ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇതര ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**